പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3579 08.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസിലെ ഡിപ്പോ കോഡ്

**ചോദ്യം** **മറുപടി**

ശ്രീ.പി.കെ.അബ്ദു റബ്ബ് ശ്രീ. എ.കെ.ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അവ അറ്റാച്ച് ചെയ്തിട്ടുള്ള ഡിപ്പോയുടെ പേര് മൂന്ന് അക്ഷരങ്ങളുള്ള കോഡായിട്ടാണോ രേഖപ്പെടുത്തുന്നത്; എങ്കിൽ നേരത്തേ നിലവിലുണ്ടായിരുന്ന ലെറ്റർ കോഡിൽ മാറ്റം വരുത്തിയതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ; | (എ) | അതെ.<br>മുൻകാലങ്ങളിൽ ഡിപ്പോ കോഡ് നാല് അക്ഷരങ്ങളിലാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ഭരണസൗകര്യാർത്ഥം ഡിപ്പോകളുടെ കോഡ് ഏകീകരിക്കുന്നതിനാണ് നിലവിലെ ഡിപ്പോ കോഡിൽ മാറ്റം വരുത്തിയത്. |
| (ബി) | ഇപ്രകാരം ലെറ്റർ കോഡിൽ മാറ്റം വരുത്തിയപ്പോൾ ഏതെങ്കിലും ഡിപ്പോയ്ക്ക് എം. എൽ. എ എന്ന് കോഡ് നൽകിയിരുന്നോ; നിയമസഭാംഗം എന്നതിന്റെ ചുരുക്കെഴുത്ത് ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.യിലെ ഡിപ്പോയുടെ കോഡായി ഉപയോഗിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ? | (ബി) | ഡിപ്പോകളുടെ കോഡ് 3 ലെറ്റർ കോഡിംഗ് അനുസരിച്ച് ക്രോഡീകരിക്കുമ്പോൾ MALA യൂണിറ്റിന്റെ കോഡ് MLA എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് പുനഃപരിശോധിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**